'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.924 30.10.2019 ന് മറുപടിയ്ക്ക്.

## വന്യജീവികളുടെ ആക്രമണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | അഡ്വ. കെ.രാജു<br><br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| കണ്ണൂർ ജില്ലയിൽ വന്യജീവികളുടെ ആക്രമണം തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ? | കണ്ണൂർ ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ ആനമതിൽ, സോളാർ വേലി, ആനപ്രതിരോധ കിടങ്ങ് എന്നിവ കെട്ടിയിട്ടുണ്ട്. വനാതിർത്തികളിലുള്ള ജനവാസമേഖലകളിൽ പഞ്ചായത്ത് തലത്തിൽ ജനജാഗ്രതാ സമിതി രൂപീകരിച്ച് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് ജനപങ്കാളിത്തം ഉറപ്പു വരുത്തിയിട്ടുണ്ട്. മറ്റ് പ്രതിരോധ സംവിധാനങ്ങൾക്ക് പുറമെ "SMS Alert System" നടപ്പിലാക്കിയിട്ടുണ്ട്. ജനജാഗ്രതാ സമിതിയുമായി ചേർന്നാണ് മേൽ പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ വന്യജീവി സംഘർഷമുണ്ടാകുന്ന സമയങ്ങളിൽ ആയവയെ തുരത്തുന്നതിനു വേണ്ടി ആർ.ആർ.ടി യൂണിറ്റ് 2 4 മണിക്കൂർ പ്രവർത്തിക്കുന്നുണ്ട്. ആനശല്യവും മറ്റ് കാട്ടുമൃഗശല്യവും ഉണ്ടാകുമ്പോഴും അവയെ തുരത്തുന്നതിനും പരിക്കു പറ്റിയ മൃഗങ്ങളെ പിടികൂടുന്നതിനു വേണ്ട ആവശ്യമായ പ്രവൃത്തികൾ ആർ.ടി. യൂണിറ്റ് ചെയ്തു വരുന്നുണ്ട്.<br>ആറളം-കൊട്ടിയൂർ മേഖലകളിൽ വർദ്ധിച്ചു വരുന്ന മനുഷ്യ-വന്യജീവി സംഘർഷത്തിന് പരിഹാരം കണ്ടെത്തുന്നതിന് 19.09.2019-ൽ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അദ്ധ്യക്ഷതയിൽ ജനപ്രതിനിധികളുടെ ഒരു യോഗം വളയംചാലിൽ നടത്തിയിരുന്നു. പ്രസ്തുത യോഗത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിനുള്ള കമ്മിറ്റി രൂപീകരിക്കുന്നതിനും, പുതുതായി 1 ആർ.ആർ.റ്റി ആറളം വന്യജീവി സങ്കേതത്തിന് കീഴിൽ സ്ഥാപിക്കുന്നതിനും, റ്റി.ആർ.ഡി.എം മുഖേന കരിങ്കൽ മതിൽ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിനും, ഫ്ലാറ്റ് പോലുള്ള പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, ആനശല്യം രൂക്ഷമായ |

സ്ഥലങ്ങളിൽ ഫ്ളിക്കറിംഗ് ലൈറ്റ് സ്ഥാപിക്കുന്നതിനും, കരടി ശല്യമുള്ള സ്ഥലങ്ങളിൽ, അവയെ പിടികൂടാൻ കൂടുകൾ സ്ഥാപിക്കുന്നതിനും, നിലവിൽ ഫെൻസിംഗ് ഉള്ള സ്ഥലങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ പാൽമിറ ഫെൻസിംഗ് നടപ്പിലാക്കാനും തീരുമാനിച്ചിട്ടുണ്ട്.

**പ്രതിരോധമാർഗ്ഗങ്ങൾ**

സോളാർ ഫെൻസിംഗ് (നിലവിലുള്ളത്)

| റെയിഞ്ച് | പ്രദേശം | ദൂരം (കി.മി) |
|---|---|---|
| തളിപ്പറമ്പ് | മാമ്പൊയിൽ-നമ്പ്യാർമല | 8 കി.മി |
| | ചീക്കാട് കോളനി | 1 കി.മി |
| | വഞ്ചിയം-കാഞ്ഞിരക്കൊല്ലി | 4 കി.മി |
| | മഞ്ഞപ്പുല്ല്-വൈതൽക്കുണ്ട് | 4 കി.മി |
| | പീടികക്കുന്ന്-മാട്ടറ | 6 കി.മി |
| | മൂന്നാം കുപ്പ്- വഞ്ചിയം | 4 കി.മി |
| | ഊരാട്- പൊട്ടൻപ്ലാവ് | 4 കി.മി |
| കൊട്ടിയൂർ | വാളത്തോട്- എടപ്പുഴ | 10 കി.മി |
| | ശാന്തിഗിരി | 2കി.മി |
| | ചപ്പമല | 2കി.മി |
| | നെല്ലിയോടി | 2കി.മി |
| | നെല്ലിയോടി | 4 കി.മി |
| | പൊട്ടൻതോട് | 4 കി.മി |
| | കുനംപള്ള | 2 കി.മി |
| | ഏലപ്പീടിക | 7.5 കി.മി |
| | പരിപ്പതോട് | 4കി.മി |
| | അമ്പായത്തോട് | 8.5 കി.മി |
| | പന്നിയാംമല | 0.80 കി.മി |
| | കരിയിൽ-ചുടിമരം | 3.80കി.മി |

കണ്ണൂർ ഡിവിഷന്റെ ഭാഗമായ വളയംചാൽ മുതൽ കരിയംകാപ്പ് വരെ 10.13 കി.മി ദൂരം ആന പ്രതിരോധ മതിൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. വിയറ്റ്നാം കോളനി മുതൽ നീലായ് വരെ 4 കി.മി ആനപ്രതിരോധ കിടങ്ങ് നിർമ്മിച്ചിട്ടുണ്ട്. കൂടാതെ ആറളം വന്യജീവി സങ്കേതത്തിന്റെ ഭാഗമായ വളയംചാൽ മുതൽ 5.065 കി.മീ. നീളത്തിൽ ആന പ്രതിരോധ മതിലും, 3.55 കി.മീ.

| | |
|---|---|
| | നീളത്തിൽ കിടങ്ങും, 1.88 കി.മീ. നീളത്തിൽ സ്റ്റീൽ ഫെൻസിംഗും ചെയ്തിട്ടുണ്ട്. കൊട്ടിയൂർ വന്യജീവി സങ്കേതത്തിൽ 9 . 3 3 കി.മീ. സൗരോർജ്ജ വേലി സ്ഥാപിച്ചിട്ടുണ്ട്.<br>താഴെ പറയുന്ന സ്ഥലങ്ങളിൽ സോളാർ ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു.<br>1. കോളിത്തട്ട് മുതൽ പന്നിയാമല വരെ 2 കി.മി<br>2. ചുനംപള്ള - 4 കി.മി<br>3. താഴെ പാൽച്ചുരം മുതൽ മേലെ പാൽച്ചുരം വരെ - 1.50 കി.മി<br>4. വാളത്തോട് ഏരിയ കീഴ്പ്പള്ളി സെക്ഷൻ - 2 കി.മി<br>5. അമ്പായത്തോട് മുതൽ ആശ്രാമം ജംഗ്ഷൻ വരെ - 7 കി.മി<br>6. പൊട്ടിച്ചപാറ മുതൽ ഉടിമരം വരെ - 5 കി.മി<br>7. അട്ടയോളി മുതൽ കളിയോട്ടുപാറ വരെ - 2 കി.മി<br>8. പീടികക്കുന്ന് മുതൽ ആടാംപാറ വരെ - 13 കി.മി.<br>( 6 കി.മി സോളാർ ഫെൻസിംഗും 7 കി.മി ഹാംഗിങ് സോളാർ ഫെൻസിംഗും)<br>കാളികയം മുതൽ ഉരുട്ടിപ്പുഴ വരെ 16.5 കി.മീ. നീളത്തിൽ ആന പ്രതിരോധ മതിൽ പണിയുന്നതിനുള്ള നടപടികൾ ടി.ആർ.ഡി.എം - ന്റെ കീഴിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ